# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2012 ജൂൺ 12, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5 (*31) കാട്ടുതീ കൊണ്ടുള്ള നഷ്ടം

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, കാട്ടുതീയുണ്ടാകുന്നത് തടയാനുള്ള എല്ലാ സംവിധാനവും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്നും കൃത്രിമമായി തീപിടുത്തമുണ്ടാക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 6055.567 ഹെക്ടർ വനപ്രദേശത്ത് കാട്ടുതീ ഉണ്ടായിട്ടുണ്ടെങ്കിലും വനം നശിച്ചിട്ടില്ല. മറയൂർ റിസർവ്വ് വനത്തിൽ കാട്ടുതീയുണ്ടായതിനെത്തുടർന്ന് 5000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. അവിടെ ചന്ദന മരങ്ങൾ കത്തി നശിച്ചിട്ടില്ല. വന സംരക്ഷണത്തിന് ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന്റെ ഭാഗമായി കെൽട്രോണുമായി ചേർന്ന് പി.ഡി.എ (പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റൻസ്) സംവിധാനം ഏർപ്പെടുത്തുന്നതിനും, ക്യാമറകൾ സ്ഥാപിക്കുന്നതിനും ചന്ദന മരത്തിൽ മൈക്രോ ചിപ്പുകൾ ഘടിപ്പിക്കുന്നതിനും തീരുമാ

നിച്ചിട്ടുണ്ട്. വനമേഖല കേന്ദ്രീകരിച്ച് ഫയർ ഫോഴ്സ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വനം വകുപ്പിൽ പ്രൊട്ടക്ടീവ് സ്റ്റാഫിന്റെ എണ്ണം കുറവായതിനാൽ ട്രൈബൽ വിഭാഗത്തിൽപ്പെട്ട 700 വാച്ചർമാരെ നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന്റെ അനുമതിക്കായി നൽകിയിട്ടുണ്ടെന്നും 15 വർഷം സേവനം പൂർത്തിയാക്കി യവരെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. വനസംരക്ഷണ സമിതികൾ ഇപ്പോഴും പ്രവർത്തിക്കു ന്നുണ്ടെന്നും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യവനവൽക്കരണവുമായി ബന്ധപ്പെട്ട തുകകളൊന്നും ദുർവിനി യോഗം ചെയ്തിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി. വനദീപ്തി എന്ന പേരിൽ സ്വാഭാവിക വനം സൃഷ്ടിക്കുന്ന പദ്ധതി പുനലൂരിൽ പരീക്ഷണാടിസ്ഥാ നത്തിൽ നടപ്പാക്കുന്നതാണെന്നും വിജയിക്കുന്ന മുറയ്ക്ക് അത് വ്യാപിപ്പി ക്കുന്നതാണെന്നും അടുത്ത വർഷം മുതൽ സാമൂഹ്യ വനവൽക്ക രണത്തിന്റെ ഭാഗമായി വൃക്ഷത്തൈകളോടൊപ്പം ജൈവവളവും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ആലോചിച്ചുവരികയാണെന്നും ഉപ ചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6 (*32) കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, 2008-2009-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്ക പ്പെട്ട പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിക്കായി 01-02-2012-ലെ സർക്കാർ ഉത്തരവുപ്രകാരം 430.59 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനി

ച്ചതിൽ 429.27 ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടുസംരംഭമായി നടത്തുന്നതിന് റെയിൽവേയുടെ ഇപ്പോഴത്തെ ആവശ്യപ്രകാരം 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 21-02-2012-ൽ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ട പ്രസ്തുത പദ്ധതിയുടെ ഇന്റർനാഷണൽ കോമ്പറ്റിറ്റീവ് ബിഡ്ഡിംഗിനുള്ള നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞുവെന്നും താമസിയാതെ സംസ്ഥാന സർക്കാർ അനുവദിച്ച ഭൂമി ഏറ്റെടുക്കുമെന്നും അന്താരാഷ്ട്ര നിലവാരമുള്ള ലൈറ്റ് വെയ്റ്റ് അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന സർക്കാർ ആദ്യം ഏറ്റെടുത്ത ഭൂമി രണ്ടാംഘട്ട വിപുലീകരണം ആവശ്യമാകുന്ന സന്ദർഭത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണെന്നും ഫാക്ടറി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ വ്യവസായ-തൊഴിൽ മേഖലകളിൽ ഗണ്യമായ വികസനം പ്രതീക്ഷിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*33) ‘<u>എമർജിംഗ് കേരള’ സംഗമം</u>

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വൻതോതിലുള്ള നിക്ഷേപം ഉറപ്പാക്കാനും വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും വേണ്ടി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നോഡൽ ഏജൻസിയായി ഒരു ദ്വിവൽസര ആഗോള സംഗമം "എമർജിംഗ് കേരള" എന്ന പേരിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിന്റെ ആദ്യ

സംഗമം "എമർജിംഗ് കേരള 2012" സെപ്റ്റംബർ 12 മുതൽ 14 വരെ തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുന്നതാണെന്നും സഭയെ അറിയിച്ചു. എമർജിംഗ് കേരള 2012 സംഗമം പ്രധാനമന്ത്രിയാണ് ഉദ്ഘാടനം ചെയ്യുന്നത്. വിവിധ രാഷ്ട്രത്തലവന്മാരും കേന്ദ്രമന്ത്രിമാരും ഇന്ത്യയിലെയും വിദേശത്തേയും വ്യവസായ പ്രമുഖരും ചടങ്ങിൽ പങ്കെടുക്കുന്നതാണ്. എമർജിംഗ് കേരള 2012-ൽ അവതരിപ്പിക്കുന്നതിനുള്ള പ്രോജക്ട് പ്രൊഫൈലുകൾ തയ്യാറാക്കിക്കഴിഞ്ഞു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും NASSCOM-ഉം സംഗമത്തിൽ പങ്കാളികളായിരിക്കുന്നതാണ്. എമർജിംഗ് കേരളയുടെ ഏകോപനത്തിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഹൈപവർ കമ്മിറ്റിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഹൈലെവൽ കമ്മിറ്റിയും വകുപ്പുമന്ത്രിമാർ അദ്ധ്യക്ഷന്മാരായി പ്രോജക്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. എമർജിംഗ് കേരളയുടെ പ്രചാരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിനകത്തും പുറത്തും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിച്ചുവരികയാണെന്നും 2012 ഏപ്രിൽ 20-ന് ന്യൂഡൽഹിയിലും 2012 മെയ് 15-ന് മുംബൈയിലും സംഘടിപ്പിച്ച ബിസിനസ്സ് മീറ്റുകളിൽ വിവിധ രാജ്യങ്ങളിലെ ഹൈക്കമ്മീഷണർമാർ, അംബാസിഡർമാർ, വ്യവസായ പ്രമുഖർ, ഡിപ്ലോമാറ്റുകൾ, അന്താരാഷ്ട്ര ഏജൻസികൾ, വ്യവസായ ദൗത്യസംഘങ്ങളുടെ പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളിലെ സെക്രട്ടറിമാർ, പ്രമുഖ മാദ്ധ്യമ പ്രതിനിധികൾ എന്നിവർ പങ്കെടുക്കുകയുണ്ടായി. എമർജിംഗ് കേരള 2012-ൽ പങ്കെടുക്കുന്നതിന് ഇതിനകം ധാരാളം രജിസ്ട്രേഷനുകൾ ലഭിച്ചിട്ടുണ്ട്. റോഡ്ഷോകളുടെ ഫലമായി ചില വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ വ്യവസായ നിക്ഷേപം നടത്തുന്നതിന് താൽപര്യം പ്രകടിപ്പിച്ചി

ട്ടുണ്ട്. കേരളത്തിനകത്തുള്ള സംരംഭകരിൽ ഇതിന്റെ സന്ദേശം എത്തിക്കാനായി എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കുകയും വിവിധ മാധ്യമങ്ങളിലൂടെ പ്രചരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാങ്കിംഗ്/വാണിജ്യ/വ്യവസായ മേഖലകളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. നടപടികളെടുത്തിട്ടുണ്ടെന്നും പ്രസ്തുത സംഗമത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള പരിപാടികൾ അന്തിമമായി തീരുമാനിക്കുന്ന മുറയ്ക്ക് എല്ലാ അംഗങ്ങൾക്കും വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്നും എമർജിംഗ് കേരളയിലെ പ്രോജക്ടുകളെ സംബന്ധിച്ച് രാഷ്ട്രീയകക്ഷികളുമായി ചർച്ച ചെയ്യുന്നതാണെന്നും നിക്ഷേപം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ആപ്ലിക്കേഷൻ, സിംഗിൾ പോയിന്റ് സാംഗ്ഷൻ തുടങ്ങിയവ ശക്തിപ്പെടുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*34) <u>കൊച്ചി മെട്രോ റെയിൽ</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൊച്ചി മെട്രോ റെയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണെന്നും കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരംകൂടി ലഭിക്കാനുണ്ടെന്നും സഭയെ അറിയിച്ചു. 2012-13 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കൊച്ചി മെട്രോ റെയിലിനുവേണ്ടി 30 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ 150 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി ഡി.എം.ആർ.സി.-യെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും പൊതു നിക്ഷേപക ബോർഡ് 22.3.2012-ലെ യോഗത്തിൽ പദ്ധതി അംഗീകരിക്കുകയും വായ്പ ലഭിക്കാനായി ജെ.ഐ.സി.എ.-യ്ക്ക് സമർപ്പിക്കാവുന്നതാ

ണെന്ന് രേഖപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് പദ്ധതി സമർപ്പണത്തി നുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും വായ്പയുടെ കാലാവധി 30 വർഷം ആണെന്നും കൊച്ചി മെട്രോ റെയിലിന്റെ ഭാഗമായ ആലുവ മുതൽ പേട്ട വരെയുള്ള 23 മെട്രോ സ്റ്റേഷനുകളിലും പരമാവധി പാർക്കിംഗ് സൗകര്യ ങ്ങളുണ്ടാക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി 35 മുതൽ 60 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 340 മുതൽ 623 വരെയുള്ള ചോദ്യങ്ങളിൽ 184 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)